**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3671** | **09-10-2025 - ൽ മറുപടിയ്ക്ക്**

**കേരഗ്രാമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഇതുവരെ കേരഗ്രാമങ്ങൾ എത്രയെണ്ണം യാഥാർത്ഥ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്ത് ഇതുവരെ 597 കേരഗ്രാമങ്ങൾ യാഥാർത്ഥ്യമായിട്ടുണ്ട്.<br><br>കേരഗ്രാമം പദ്ധതി, നാളികേര കർഷകർക്കായി തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ 2014-15 വർഷം മുതൽ കൃഷി വകുപ്പ് നടപ്പാക്കി വരുന്നുണ്ട്.തേങ്ങയുടെ ഉൽപ്പാദനവും, ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും, പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീട-രോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 100 ഹെക്ടർ തുടർച്ചയായ തെങ്ങുകൃഷിയുള്ള പ്രദേശത്ത് കേരഗ്രാമപദ്ധതി നടപ്പാക്കി വരുന്നു.<br><br>ഒരു കേരഗ്രാമം മൂന്ന് വർഷത്തെ തുടർച്ചയായ പദ്ധതിയാണ്.2025-26 വർഷം പുതുതായി 74 കേരഗ്രാമങ്ങൾ അനുവദിച്ചിട്ടുണ്ട്, മുൻവർഷങ്ങളിൽ അനുവദിച്ച 23 കേരഗ്രാമങ്ങളുടെ രണ്ടാം വർഷ പ്രവർത്തനവും 41 കേരഗ്രാമങ്ങളുടെ മൂന്നാം വർഷ പ്രവർത്തനങ്ങളും നടന്നു വരുന്നു.<br><br>2014-15 മുതൽ 2025-26 വരെയുള്ള കേരഗ്രാമങ്ങളുടെ എണ്ണം **അനുബന്ധമായി** ചുവടെ ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| **2014-15 മുതൽ 2025-26 വരെയുള്ള കേരഗ്രാമങ്ങളുടെ എണ്ണം** | | |
|---|---|---|
| ക്രമ നമ്പർ | വർഷം | എണ്ണം |
| 1 | 2014-2015 | 26 |
| 2 | 2015-2016 | 30 |
| 3 | 2016-2017 | 30 |
| 4 | 2017-2018 | 44 |
| 5 | 2018-2019 | 77 |
| 6 | 2019-2020 | 55 |
| 7 | 2020-2021 | 15 |
| 8 | 2021-2022 | 84 |
| 9 | 2022-2023 | 98 |
| 10 | 2023-2024 | 41 |
| 11 | 2024-2025 | 23 |
| 12 | 2025-2026 | 74 |
| | **Total** | **597** |